പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3398

12.12.2014-ൽ മറുപടിക്ക്

## നഗരസഭകളുടെ ശാക്തീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | നഗരസഭകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നഗരസഭകളുടെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | കോംപ്രിഹെൻസീവ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം എന്ന പദ്ധതി പ്രകാരം ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കുക; സിറ്റി സാനിറ്റേഷൻ പ്ലാനുകൾ തയ്യാറാക്കുക; വികസന പദ്ധതികൾക്കായി തയ്യാറാക്കുന്ന ഡി പി ആറുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക; പ്രോജക്ട് മാനേജ്മെന്റ്, പ്രോജക്ട് മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമാക്കുക, നഗരസഭകളുടെ പൊതു ഭരണവും, സർവ്വീസ് ഡെലിവറിയും, വരുമാന വർദ്ധനവും, ധനകാര്യമാനേജ്മെന്റും, കാര്യക്ഷമമാക്കുന്നതിനുള്ള രൂപരേഖകൾ തയ്യാറാക്കുകയും, ഇതിനാവശ്യമായ പരിശീലനം നഗരസഭാ ജീവനക്കാർക്കും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും നൽകുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നഗരസഭകളുടെ പ്രവർത്തന വേഗം കൂട്ടുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ പ്രവർത്തനങ്ങളിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ ; | സി) | ഈ പദ്ധതിക്കായി 49 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | ഡി) | പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് സംസ്ഥാന നഗരവികസന സെക്രട്ടറി ചെയർമാനുയുള്ള ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയെ ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ആഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ 14 ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട ഒരു നഗരസഭയിൽ ജില്ലാതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകളും ഇവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഒരു സംസ്ഥാനതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലും രൂപീകരിക്കുകുയും ഓരോ റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലിലും 6 വീതം വിദഗ്ദ്ധരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ